# അളകാവലി

പ്രൊഫ: കെ. പി. നാരായണപ്പിഷാരോടി

വള്ളത്തോൾക്കളരിയിൽ പയറ്റിത്തെളിഞ്ഞ ഒരു സുകുമാര കവിയാണ് ശ്രീ. ഇടശ്ശേരി ഗോവിന്ദൻ നായരവർകൾ. ഉള്ളിൽത്തട്ടിയ വിഷയങ്ങൾ തികച്ചും ശക്തിയുള്ള ഭാഷയിൽ ഔചിത്യം വിടാതെ പറഞ്ഞു ഫലിപ്പിക്കുകയെന്നതാണ് വള്ളത്തോൾക്കളരിയുടെ പാരമ്പര്യം. പരപ്പല്ല, വെടിപ്പാണ് അതിന്റെ ആദർശം. തുടങ്ങേണ്ടുന്ന ദിക്കിൽ തുടങ്ങും, നിറുത്തേണ്ടുന്ന ദിക്കിൽ നിറുത്തുകയും ചെയ്യും. വാരിവലിച്ച് നീട്ടിവളച്ച് കവിതയെ സംഭാരപ്രായമാക്കുന്ന ദുഃസ്വഭാവം ആ കളരിയിലെ ശിഷ്യപരമ്പരയിൽ കാണുകയില്ല. കുറ്റിപ്പുറത്ത് കേശവൻനായർ, നാലപ്പാട്ട് നാരായണമേനോൻ, കല്ലന്മാർതൊടിയിൽ രാവുണ്ണിമേനോൻ മുതലായവരുടെ മാർഗ്ഗം അതായിരുന്നു. ആ പ്രസ്ഥാനത്തിൽ ഇന്നവശേഷിച്ചിട്ടുള്ള കവിതകളിൽ പ്രമുഖസ്ഥാനം വഹിക്കുന്ന ഒരു വ്യക്തിയാണ് ഇപ്പോൾ അറുപത് തികയാൻ പോകുന്ന ഇടശ്ശേരി. ജന്മസിദ്ധമായ കലാവാസന ഏതു മരുപ്പറമ്പിൽ ചെന്നുപെട്ടാലും പൊടിച്ചുപൊങ്ങാതെയോ, തഴച്ചു വളരാതെയോ ഇരിക്കയില്ലെന്നതിലേയ്ക്ക് നല്ലൊരു ദൃഷ്ടാന്തമാണ് ഇടശ്ശേരി ഗോവിന്ദൻനായർ. കോടതിയിലെ ശുഷ്കവിരസമായ ജീവിതത്തിലും സാഹിതീസപര്യചെയ്യുവാൻ അദ്ദേഹത്തിന് കഴിഞ്ഞത് അതുകൊണ്ടാണ്. അനുകൂലമായ അന്തരീക്ഷത്തിലും നല്ല വളപ്പറ്റുള്ള മണ്ണിലുമായിരുന്നു ശ്രീ. ഇടശ്ശേരിയുടെ പ്രതിഭാവല്ലരിക്ക് വളരുവാൻ ഇടവന്നിരുന്നതെങ്കിൽ എന്നു ചിന്തിച്ചുപോകയാണ് ഞാൻ.

’കാട്ടിന്നകത്തോ കടലിന്നകത്തോ,
കാട്ടിത്തരുന്നൂ വിധി രത്നമെല്ലാം.’

ഇടശ്ശേരിയുടെ ആദ്യകാലകവിതകളുടെ ഒരു സമാഹാരമാണ് ‘അളകാവലി’. കൈരളിയുടെ മുഖശോഭ വർദ്ധിപ്പിക്കുന്ന കുറുനിരകളായിട്ടു മാത്രമേ കവി തന്റെ കവിതകളെ അന്നു കണക്കാക്കിയിട്ടുള്ളുവെന്ന് ഈ പേർ സൂചിപ്പിക്കുന്നു. നീളം കുറഞ്ഞവയെങ്കിലും അഗ്രം ചുരുണ്ട് ഇളംകാറ്റിലിളകിശ്ശോഭിക്കുന്ന അളകനിര മുഖത്തിന്റെ അഴക് വർദ്ധിപ്പിക്കതന്നെ ചെയ്യുമല്ലോ. അതുപോലെ ഇടശ്ശേരിയുടെ ‘അളകാവലി’ നമ്മുടെ ഭാഷാസാഹിതീമുഖത്തിന് അലങ്കാരം തന്നെയാണെന്ന് അതിലെ ഏതു കവിത വായിച്ചാലും അനുഭവപ്പെടുന്നതാണ്.

ഇരുപത്തൊന്നു ചെറുകവിതകളാണ് ഈ സമാഹാരത്തിലുള്ളത്. ദ്രാവിഡവൃത്തത്തിലും സംസ്കൃതവൃത്തത്തിലുമുള്ള കവിതകളുണ്ട്. അടുത്തകാലത്ത് വൃത്തങ്ങളെസ്സംബന്ധിച്ച് ചിലർ കാട്ടികൂട്ടുന്ന കോമാളിത്തങ്ങളൊന്നും കൂടാതെത്തന്നെ കവിത എഴുതാൻ കഴിവുള്ള കവിയാണ് ഗോവിന്ദൻനായർ. വൃത്തവൈചിത്ര്യം അഭികാമ്യംതന്നെ. എന്നുവെച്ച് വൃത്തവൈകൃതത്തെ വൈചിത്ര്യമായി അംഗീകരിക്കാൻ അധികമാരും തയ്യാറാവുമെന്നുതോന്നുന്നില്ല. അഴകില്ലാത്ത ഒരു ഈരടിയോ, ശ്ലോകമോ, ഇടശ്ശേരിയുടെ കവിതകളിൽ കാണുകയില്ല. പദങ്ങൾ തിരഞ്ഞെടുക്കുന്നതിലും, ശബ്ദങ്ങൾ കൂട്ടിയിണക്കുന്നതിലും കല്പനാകൗശലംകൊണ്ട് ഓരോ വാക്യാർത്ഥത്തിന്നും നൂതന രമണീയകം വരുത്തുന്നതിലും, എന്തെന്നില്ലാത്ത നിഷ്കർഷയാണ് ഔചിത്യമർമ്മജ്ഞനായ ഈ കവിയ്ക്ക്. ചില ഉദാഹരണങ്ങൾകൊണ്ട് ഇക്കാര്യം വെളിപ്പെടുത്താൻ നോക്കാം.

ഖാദിപ്രവർത്തനത്തിൽ യുവാക്കന്മാരെല്ലാം ആവേശപൂർവ്വം പ്രവർത്തിച്ചിരുന്ന കാലത്ത് ഇടശ്ശേരിയിലെ കവിക്കും മിണ്ടാതിരിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം പരുത്തിച്ചെടിയെക്കുറിച്ചൊരു ഗാഥയെഴുതി. ’പൂപ്പരുത്തി’ എന്ന ശീർഷകത്തിലുള്ള ആ കൊച്ചുകവിതയാണ് ‘അളകാവലി’യിൽ ഒന്നാമതു ചേർത്തിട്ടുള്ളത്. വെറും ഇരുപത്തിമൂന്ന് ഈരടികൾ മാത്രമുള്ള ആ കവിതയിലെ ഓരോ ഈരടിയിലും കവിയുടെ ശില്പകൗശലം എങ്ങിനെ ഫലിച്ചിരിക്കുന്നുവെന്നു നോക്കേണ്ടതാണ്. താൻ നട്ടുവളർത്തിയ പരുത്തിച്ചെടിയിൽ ആദ്യമായി പഞ്ഞി പൊട്ടിവിരിഞ്ഞുനില്ക്കുന്നതു കണ്ടിട്ടുള്ള ആഹ്ലാദത്തിൽ നിന്നാണ് കവിതയുടെ ആരംഭം. വളരെക്കാലം മുമ്പ് വിട്ടുപിരിഞ്ഞു പോയ ഒരു സ്നേഹിതൻ ആകസ്മികമായി തന്റെ ഗൃഹത്തിൽ വന്നുകയറിയാൽ ഉണ്ടാവുന്ന വികാരവായ്പത്രെ കവിക്ക് ആ പഞ്ഞിച്ചെടി കാണുമ്പോൾ ഉണ്ടാവുന്നത്. ആ സ്നേഹിതൻ തന്റെ ദരിദ്രഗൃഹത്തിലേയ്ക്ക് എത്തിനോക്കുന്നതായും, അപ്പോൾ ദയ തോന്നി തനിക്കു വേണ്ടത്ര വെള്ളിയുറുപ്പിക പഞ്ഞിയെന്നവ്യാജേന സംഭാവനചെയ്യുന്നതായും കവിക്കു തോന്നുന്നു:

'എൻ കുടിൽതന്നുള്ളിൽത്തങ്കമിരുളിലേ
ക്കെത്തിനോക്കീടുന്നു സാനുകമ്പം.
കൊള്ളാ, മിച്ചില്ലയിൽ നീട്ടിത്തരികയോ
വെള്ളിയുറുപ്പിക വേണ്ടുവോളം.'

പരുത്തിച്ചെടിയുടെ മെയ്യിന്റെ ചടുപ്പും, വിനയത്തോടുകൂടിയുള്ള നിൽപ്പും, സമ്പത്തു വാരിക്കോരിക്കൊടുക്കുന്ന ദാനശീലവും കണ്ട് കവി അത്ഭുതപ്പെടുന്നു.

'അത്ഭുത, മെല്ലുന്തിക്കാണ്മൊരീ മെയ്ച്ചട-
ച്ചാനതമായോരൊതുങ്ങിനില്പും
ആരിലും കാണാത്ത സമ്പത്തതിങ്ങനെ
വാരിക്കൊടുക്കും വദാന്യതയും!'

ആദ്യംമുതല്ക്കേ മനുഷ്യസംസ്കാരത്തിന്റെ നഗ്നത മറച്ചുപോന്നത് ഈ ചെടിയെപ്പോലുള്ള പാവങ്ങളുടെ ഔദാര്യമാണെന്ന് കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നു:

'ആറേഴുണക്കില ചുറ്റുവോരീവെറും
ദാരിദ്ര്യത്തിന്റെ ഉദാരതയിൽ
നിത്യമുടുപ്പിട്ടുപോന്നൂ ജനിമുതൽ
മർത്ത്യസംസ്കാരമിതേവരേയ്ക്കും.'

മരവുരി ചുറ്റിപ്പോന്ന മഹർഷിമാരിൽനിന്ന് നമുക്കു ലഭിച്ച മഹനീയ സംസ്കാരത്തിൽ അഭിമാനം
കൊള്ളുന്നു.

'അല്ലെങ്കിൽ കീറത്തുണിയിലിങ്ങീക്ഷിച്ചി-
ട്ടില്ലേതേതെല്ലാമനഘർതയെ'.

ഇന്ത്യയിലുണ്ടാവുന്ന പഞ്ഞി മുഴുവനും വിദേശത്തേയ്ക്കു കയറ്റി അയച്ചിരുന്നതിൽ അന്നു ഭാരതീയർ കാണിച്ച അശ്രദ്ധയേയും, അലസമനോഭാവത്തേയും, അതിന്റെ ഫലമായുണ്ടായ ദാരിദ്ര്യത്തേയും കവി ചിത്രീകരിക്കുന്നു. ഇതുപോലെ പറയാൻ തുടങ്ങിയാൽ മുഴുവൻ കവിതയും ഉദ്ധരിക്കേണ്ടതായി വരും. ഓരോ വിഷയത്തേയും കവി സമീപിക്കുന്ന രീതി മനസ്സിലാക്കാൻ ഇത്രയും കൊണ്ടു മതിയാവുമെന്നു കരുതുന്നു.

ചെറുകവിതകൾ കഥാബന്ധമുള്ളവയെന്നും, കഥാബന്ധമില്ലാത്തവയെന്നും രണ്ടു വിധമുണ്ട്. കഥാബന്ധമുള്ള കവിതയിലെല്ലാം ആ കഥയിലൂടെ ഏതെങ്കിലും ഒരു ജീവിതതത്വം പ്രകാശിപ്പിക്കുവാനുള്ള കവിയുടെ അഭിവാഞ്ഛ കാണാവുന്നതാണ്. 'അളകാവലിയിൽ' കഥാബന്ധമുള്ള രണ്ടു കവിതകളുണ്ട്. 'പള്ളിച്ചൂണ്ടൽ' 'കാളവണ്ടി' എന്നു രണ്ടു കവിതകൾ ഈ കവിതകളാണ് ഈ സമാഹാരത്തിലെ വലിയ കവിതകൾ. ദൈവഭക്തി എന്ന ഭാവം ഒരാളുടെ മനസ്സിൽ സ്ഥാനം പിടിച്ചുകഴിഞ്ഞാൽ പിന്നെ അതു വേരോടെ പറിച്ചു കളഞ്ഞാലും പോകില്ലെന്നുള്ള ഒരു മാനസിക രഹസ്യമാണ് 'പള്ളിച്ചൂണ്ടലിലെ' പ്രതിപാദ്യം. സോമന്റേയും പത്നിയുടേയും ദരിദ്ര ജീവിതകഥയിലൂടെയാണ് ഈ തത്വം കവി പ്രകാശിപ്പിക്കുന്നത്.

ഒരു ദരിദ്രഗൃഹം സോമനും സോമന്റെ കുടുംബിനിയും. രണ്ടാൾക്കുമുണ്ട്, ഉറച്ച ദൈവവിശ്വസം. ഓരോ വിഷമഘട്ടത്തിലും ദൈവകാരുണ്യം അവരെ സഹായിക്കാറുണ്ട്. ഭക്തിക്കു ശക്തി കൂട്ടാൻ അത് കാരണമായും ഭവിക്കുന്നു. തന്റെ ഗൃഹത്തിൽത്തന്നെ ഇഷ്ടദേവതയെ സോമൻ പ്രതിഷ്ഠിച്ചു. പൂജാവിധാനങ്ങളും സേവനക്രമങ്ങളും മുറക്കു കൂടിക്കൂടി വന്നു. ആദ്യം ഒരു ഉണ്ണിയുണ്ടാവാത്ത സങ്കടമായിരുന്നു, ആ പുണ്യദമ്പതിമാർക്ക്. ഏറെത്താമസിയാതെ സോമന് ഓരോമനപ്പുത്രൻ പിറന്നു. ആ ഉണ്ണിയുടെ മുഖത്ത് ഈശ്വരാനുഗ്രഹത്തിന്റെ ഒരു ദിവ്യപരിവേഷം തന്നെ സോമൻ കണ്ടു. ഒരു ദിവസം യാദൃച്ഛികമായി ആറേഴതിഥികൾ വന്നു ചേർന്നു. ഉടനെ ഭാര്യ കർണ്ണാഭരണം ഭർത്താവിന്റെ കയ്യിൽ കൊടുത്തയച്ച് വില്പിച്ച് അതിഥിസല്ക്കാരം നിർവ്വഹിച്ചു. അവിടേയും ഈശ്വരൻ സോമനെ സഹായിച്ചു. പിന്നെ മകൻ രോഗബാധിതനായി കിടപ്പിലായി. ഈശ്വരനോട് പ്രാർത്ഥിക്കലും, ചികിത്സിക്കലും മുറയ്ക്കു നടന്നു. എന്തിനു പറയുന്നു! ആ ഉണ്ണിയുടെ കണ്ണടഞ്ഞു. എല്ലാം കഴിഞ്ഞു. അമ്മ ഇരുന്ന് നിശ്ശബ്ദമായി കരയുന്നു. സോമൻ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. അതാ, ഒരു താടിക്കാരൻ ശിഷ്യനോടൊപ്പം അവിടെ വന്നുചേരുന്നു. അയാൾ ഈശ്വരവിശ്വാസത്തേയും പൂജാവിധികളേയും കുറിച്ച് പ്രസംഗിക്കാൻ തുടങ്ങി. സോമന്ന് ഭ്രാന്തുകയറി അയാൾ കലി തുള്ളി. ആ ഗുരുശിഷ്യന്മാരുടെ കൺമുമ്പിൽവെച്ച് സോമൻ തന്റെ പൂജാവിഗ്രഹം പുഴക്കിയെടുത്ത് കാട്ടിലേക്കൊരേറുകൊടുത്തു. എന്നിട്ടൊരു വടിയെടുത്ത് ആ ഗുരുവിനേയും ശിഷ്യനേയും തല്ലാൻ പാഞ്ഞുചെന്നു. അവർ തിരിഞ്ഞുനോക്കാതെ തിരിച്ചോടി. ശിഷ്യൻ ഗുരുവിനോട് സോമന്റെ പൈശാചികത്വത്തെപ്പറ്റി

ആക്ഷേപിക്കുന്നു. അപ്പോൾ ഗുരു പറയുകയാണ്. 'ഒട്ടും പരിഭ്രമിക്കേണ്ട. ഭക്തിയുടെ ശക്തികൊണ്ടാണ് സോമൻ അങ്ങിനെ ചെയ്തത്. നാളെ അവിടെ ചെന്നുനോക്കിയാൽ തനിക്കത് ബോദ്ധ്യമാവും' എന്ന്.

പിറ്റേന്നു ശിഷ്യൻ ചെന്നുനോക്കിയപ്പോൾ സോമൻ ആ വിഗ്രഹത്തിന്റെ ചുറ്റുമുള്ള കാടെല്ലാം പറിച്ചുകളഞ്ഞ് അവിടെ ഇരുന്ന് അഭിഷേകവും പൂജയും നടത്തുന്നതാണ് കണ്ടത്. ആ വിഗ്രഹം കിടക്കുന്ന ദിക്കിൽ ഒരു ശ്രീകോവിൽ പണിയിക്കുവാനുള്ള ശ്രമത്തിലേയ്ക്കു തിരിഞ്ഞിരിക്കുന്നു സോമൻ! തലേന്നാൾ വിഗ്രഹം വലിച്ചെറിഞ്ഞതു സോമന്റെ ഭക്തി വർദ്ധിക്കാനത്രെ കാരണമായത്.

'ഭക്തിയാം ചൂണ്ടലൊരിക്കൽ വിഴുങ്ങിയ
ഭാഗ്യഹീനന്നില്ല മുക്തി പിന്നെ'

എന്നാണ് കവിയുടെ ഒടുവിലത്തെ നിഗമനം.

ഓരോ വികാരങ്ങളേയും മാറിമാറി ആവിഷ്ക്കരിക്കാൻ ഇടശ്ശേരിക്കുള്ള കഴിവ് കാണിക്കാൻ ഈ കവിതയിലെ അതാതു ഭാഗങ്ങൾ മികച്ച ഉദാഹരണങ്ങളാവുമെന്നു ഞാൻ കരുതുന്നു. ഇനി നമുക്ക് 'കാളവണ്ടി' യൊന്നു പരിശോധിക്കാം. ഉപജാതിയിലും രഥോദ്ധതയിലുമായി നാല്പതു ശ്ലോകമുൾക്കൊള്ളുന്നൊരു കവിതയാണ് കാളവണ്ടി. കാലത്തിന്റെ ഗതി വേഗത്തിൽ കാളവണ്ടിയുടെ യുഗം മാറി, കാറിന്റെ യുഗം വന്നു ചേർന്ന കഥ വർണ്ണിക്കുകയാണ് കാളവണ്ടിയിൽ. ഒരു കാളവണ്ടി. പുത്തൻവണ്ടി. വളരെ ഭംഗിയുള്ള വണ്ടി. ഒന്നാംതരം വെള്ളക്കാളകൾ. യുവസുന്ദരനായ ദാമോദരൻ വണ്ടി തെളിക്കാൻ. ധനികന്മാരുടെ കല്യാണയാത്രയ്ക്ക് ഉപയോഗിച്ചിരുന്ന ശ്യംഗാരവണ്ടിയാണത്. അതിന്റെ കാലാന്തരത്തിലെ ശോചനീയമായ നില കണ്ട് കവിയുടെ കണ്ണിൽ കണ്ണുനീർ നിറയുകയാണ്. ദാമോദരന്റെ യുവജീവിതത്തിന്റേയും ഏകസ്മാരകമായി ആ ജീർണ്ണിച്ച വണ്ടി മാത്രമേ ഇപ്പോൾ അവശേഷിക്കുന്നുള്ളൂ. വണ്ടിയുടെ നല്ലപ്പൻകാലം ഈ വർണ്ണനത്തിൽ കാണാം.

'ഈ വണ്ടിയാദ്യം പണിതീർത്തനാളാ-
ണരാളമാം മേല്പുരയോടുകൂടി
അതിന്റെ പട്ടിൻഞെറിപാളിവെച്ച
വക്കത്തലുക്കിൻ മഴവില്ലുദിച്ചു.
കൊഴുത്തു കൊമ്പൊട്ടുവളഞ്ഞ രണ്ടു
വെളുത്തനൽക്കാളകളുദ്ധതങ്ങൾ
അവക്കു ഭാരം പെടുമീ രഥത്തെ
വലിക്കൽ കുട്ടിക്കളിയായിരുന്നു.ആഹ്ലാദദീപ്തം വദനം സുനർമ്മ-
വചസ്സു, സംപുഷ്ട ബലിഷ്ഠഗാത്രം
ദാമോദരാഖ്യൻ തരുണൻ നടത്തി-
യിച്ചാടിതായാളുടെയായിരുന്നു.'

ക്രമത്തിൽ വിവാഹം കഴിഞ്ഞു സുഖമായുള്ള കുടുംബജീവിതം കുറെക്കാലം നയിച്ച വണ്ടിക്കാരന്റേയും വണ്ടിയുടേയും സ്ഥിതി ആകെ മാറി;

'ഒഴിഞ്ഞൊരീവണ്ടി തെളിച്ചുകൊണ്ട-
സൂതൻ വരുന്നുണ്ടു നിരത്തിലൂടെ
അവന്റെ ചാടോവിരിപോയ്വിതാന
മറ്റേറെ വൈരൂപ്യവുമാർന്നിരുന്നു.
കൊമ്പത്തവൻ തൂങ്ങിയിരുന്നിടയ്ക്കു
തെളിയ്ക്കുമക്കാളകൾ മെല്ലെ നീങ്ങി
ചമ്മട്ടിനാരിന്റെ കറുത്തപാടു
പതിഞ്ഞ പാർശ്വാസ്ഥി വിജൃംഭമേല്ക്കെ'

അയാളിരുന്നു പാടുകയാണ്.

'പാരിനില്ല പഥിനിന്നു നോക്കുവാൻ
നേര,മത്ര ഗതിവേഗചോദിതം
ഞാനിടയ്ക്കു വഴുതുന്നുവെങ്കിലോ
ഞാനിരുന്നു കരയേണമത്രതാൻ.'

അപ്പോഴേയ്ക്കുമതാ ഒരു കാർ പാഞ്ഞുവരുന്നു:

'വിഴുങ്ങിയപ്പാട്ടെതിരെക്കുതിച്ചു
വന്നോരു കാറിൻ ശ്രുതിഭേദശബ്ദം

ഉദ്യദ്രജസ്സായതു പാഞ്ഞുപോയി-
തവന്റെ പാഴ്‌വണ്ടിയൊതുങ്ങിനില്ക്കേ'

ആ വണ്ടി ഇപ്പോൾ വെറും കങ്കാളമായിരിക്കുന്നു. അതിന്റെ ഇന്നത്തെ നിലയും കാണണ്ടേ?

'ഒഴിഞ്ഞ നാട്ടിൻപുറ, -മങ്ങുമേക്കു-
കിഴക്കെഴും ചെത്തുവഴിക്കുവക്കിൽ
ഒരാൽച്ചുവട്ടിൽ പ്രണമിച്ചപോലെ
കിടപ്പു കേടുറ്റൊരു കാളവണ്ടി'

എന്നു തുടങ്ങി കവി അതു വിസ്തരിച്ചു വർണ്ണിച്ചിട്ടുണ്ട്.പണ്ടെത്തെ പരിഷ്ക്കാരവും ശൃംഗാരവുമൊക്കെയെവിടെ? ഇന്നത്തെ ഈ കിടപ്പെവിടെ? ഇതാണ് ആരുടേയും ജീവിത പരിണാമം!

'ഗ്രീഷ്മാന്തരത്തിൽ' എന്നും 'സൗന്ദര്യാരാധന' എന്നും വർണ്ണപരങ്ങളായി രണ്ടു കവിതകളുണ്ട്, അളകാവലിയിൽ ശാർദ്ദൂലവിക്രീഡിതവൃത്തത്തിലെഴുതിയ ഏതാനും ശ്ലോകങ്ങളാണവ മഹാകാവ്യങ്ങളിൽ ഒരു നഗരാർണ്ണവാദിവർണ്ണനസമ്പ്രദായമുണ്ടല്ലോ. അതിന്റെ ഒരു പോക്കറ്റുപതിപ്പാണ് ഈ ചെറിയ വർണ്ണനങ്ങൾ. വേനലിന്റെയും വർഷത്തിന്റേയും മദ്ധ്യഘട്ടത്തിന്റെ വർണ്ണനമാണ്. 'ഗ്രീഷ്മാന്തത്തിൽ' കവിയുടെ സൗന്ദര്യവീക്ഷണത്തിന്നുള്ള സവിശേഷതകൾ ചിത്രീകരിക്കുന്ന കവിതയാണ് 'സൗന്ദര്യാരാധന'. മനുഷ്യൻ ഏതു ഭാവത്തിലും സുന്ദരനാണെന്ന് അതിൽ പ്രഖ്യാപിക്കുന്നു. കുഞ്ഞിനമ്മിഞ്ഞകൊടുക്കുന്ന അമ്മ, പ്രണനാഥനുമായി കൊഞ്ചിക്കുഴയുന്ന കാമിനി, പശ്ചാത്താപവിവശയായ പ്രണയകുപിത, ചിത്രശലഭത്തിന്റെ പിന്നാലെ പായുന്ന കുസൃതിക്കുട്ടൻ, ജിതേന്ദ്രിയനായ മുനിവര്യർ, ശത്രുവിനോടു പകവീട്ടുന്ന ചതിയൻ എന്നിങ്ങനെ ഏതു വികാരമുൾക്കൊള്ളുന്ന മനുഷ്യനും കവിയുടെ ദൃഷ്ടിയിൽ പരമസുന്ദരനാണെന്നു കാണിക്കുന്ന ഒരു കവിതയാണത്. ഒരു പദ്യം ഉദ്ധരിക്കാം.

'ആരാൽപ്പൂവനിതന്നിൽ മന്ദമലയും
പാറ്റയ്ക്കു പിമ്പേ വിടർ-
ന്നോരത്തൂ മിഴിചേർത്തടക്കമിയലാ-
തോടും മണിക്കുഞ്ഞിലും
നീ രാജിപ്പുമനോജ്ഞതേ! വിപുലമാം
ഭോഗാഭിലാഷങ്ങൾ തൻ
തോരാച്ചണ്ഡമരുത്തിൽ നിശ്ചലിതനായ്
നില്ക്കും മുനീന്ദ്രങ്കലും'

മുക്തകങ്ങൾ എന്നു പറയുന്ന ഒറ്റ ശ്ലോകങ്ങളുടെ അവസ്ഥയാണ് ഇവയിലെ ശ്ലോകങ്ങൾക്ക് മിക്കവാറും ഉള്ളത്. ഭാവഗാനങ്ങൾ എന്നു പറയുന്ന കൊച്ചു കൃതികളാണ് ഈ സമാഹാരത്തിലെ ഒട്ടേറെ കവിതകൾ. ഭാവഗാനങ്ങൾ രണ്ടു വിധമുണ്ട്. കവിയുടെ ഭാവഭാവനങ്ങളെ പ്രാകാശിപ്പിക്കുന്ന ഭാവഗാനം ഒരുവക. കവിഹൃദയത്തിൽ പതിഞ്ഞിട്ടുള്ള ഏതെങ്കിലും കഥാപാത്രത്തിന്റെ വികാരവിചാരങ്ങളെ പ്രകാശിപ്പിക്കുന്ന ഭാവഗാനം വേറൊരുവക, ആദ്യം കാണിച്ച പൂപ്പരത്തിക്കു പുറമേ നുറുങ്ങുചിന്തകൾ, വസന്തം, ഭാരതപ്പുഴ, നിഴൽപ്പാട്ടിൽ, രണാങ്കണത്തിൽ, ചോലമലർ മുതലായി പല കവിതകളും കവിയുടെ ചിന്താഗതികളെ ചിത്രീകരിക്കുന്നവയാണ്. 'ആ കൈലേസ്' തൊട്ടു ചിലതു മാത്രം കഥാപാത്രങ്ങളെ അവലംബിച്ചുകൊണ്ടുള്ള ഭാവഗാനങ്ങളാണ്. എല്ലാം പ്രസന്നലളിതങ്ങളും സുഭഗസുരഭിലങ്ങളുമാണ്. ഉദാഹരിക്കുവാനോ ഉദ്ധരിക്കുവാനോ തുടങ്ങിയാൽ പുസ്തകം മുഴുവനും പകർത്തേണ്ടി വരുമെന്നുള്ളതു കൊണ്ട് ഈ ലഘുപന്യാസത്തിൽ ഞാനതിനുമുതിരുന്നില്ല. ഏതായാലും ജീവിത മദ്ധ്യാഹ്നത്തിലെത്തിയ സുഹൃത്തിന്റെ പ്രതിഭാവല്ലരിയിൽനിന്ന് ഭാവബന്ധുരങ്ങളായ നല്ല മധുരഫലങ്ങൾ വീണ്ടും തുടരെത്തുടരെ പൊഴിയുമെന്നു പ്രതീക്ഷിക്കുക.

- ഇതാ ഒരു കവി